Resolution and the amendment were withdrawn.

8. Starting of Rural Libraries.

Mr. A. Narayana Menon:—"*This Council recommends to the Government of Cochin to take immediate steps to start Rural Libraries at least in each of the villages of the State.*"

ഈ പ്രമേയത്തെപറ്റി വലിയ പ്രസംഗമൊന്നും ചെയ്യണമെന്നു വിചാരിക്കുന്നില്ല. ഈ സംഗതിയെ സംബന്ധിച്ചു വിദ്യാഭ്യാസമേലദ്ധ്യക്ഷൻതന്നെ പല പ്രസംഗങ്ങളും പല സ്ഥലങ്ങളിൽവച്ചും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസം കഴിഞ്ഞു പുറത്തുപോകുന്ന കുട്ടികൾക്ക് തുടച്ചയായി പരിജ്ഞാനം സിദ്ധിക്കുവാനുള്ള സൌകര്യങ്ങളില്ലാത്തതുകൊണ്ടു പഠിച്ചതു മുഴുവനും കാലക്രമത്തിൽ മറന്നുപോകുവാനിടവരുന്നു. അതിനും പ്രായം ചെന്നവരുടെ വിജ്ഞാനത്തിനും ശരിയായ പ്രതിവിധികൾ ചെയ്യേണ്ടതാണെന്നു വകുപ്പദ്ധ്യക്ഷൻതന്നെ പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. ഇതിലേക്ക് നിശാപാഠശാലകൾ നടത്തിയാൽ യാതൊരു പ്രയോജനവുമില്ലെന്ന് എസ്സ്. കെ. കമ്മിറിപോലും സമ്മതിച്ചിട്ടുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസത്തിനു അത്യന്താപേക്ഷിതമായ സ്ഥാപനങ്ങൾ—വായനശാലകൾ—ഏർപ്പെടുത്തേണ്ടതു അത്യാവശ്യമാണ്. ഇങ്ങിനെയുള്ള വായനശാലകൾ പല സ്ഥലങ്ങളിലും സർക്കിൾസിന്റെ ഉത്തരവാദിത്വത്തോടുകൂടി സ്ഥാപിക്കുകയും അവിടെ വായിക്കുവാൻ വരുന്നവരോടു യാതൊരു പ്രതിഫലവും വാങ്ങാതെ അവർക്ക് അതിൽക്കൂടുതൽ താല്പര്യം ഉണ്ടാകത്തക്കവണ്ണമുള്ള സൌകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നതു.

മിസ്റ്റർ വി. കെ. കുട്ടി:—സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഉൾനാടുകളിൽ വായനശാലകൾ ഏർപ്പെടുത്തുന്ന നയം അംഗീകരിക്കുകയാണെങ്കിൽ അതു വളരെ സൌകര്യമായി പ്രവൃത്തിക്കുവാൻ കഴിയുമെന്ന് എനിക്കു ബോദ്ധ്യമുണ്ട്. കൊച്ചിരാജ്യത്തു് എണ്ണത്തോ എണ്ണത്തിയെട്ടോ പഞ്ചായത്തുകളുണ്ടെന്നു് ഇതിനുമുമ്പു് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ആ പഞ്ചായത്തുകളുടെ കീഴിൽ ഈ സ്ഥാപനങ്ങളുണ്ടാക്കി നടത്തുകയാണെങ്കിൽ ഉദ്ദേശിക്കുന്നതുപോലുള്ള വലിയ ഭാരമോ ബുദ്ധിമുട്ടുകളോകൂടാതെ നടത്തുവാൻ കഴിയും. ഈ വിഷയത്തെക്കുറിച്ചു് വലിയ പ്രസംഗമൊന്നും ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഇപ്പോൾ ഇപ്രകാരം ക്ലാസുവാരിയുള്ള വിദ്യാഭ്യാസം ഗവർമ്മെണ്ടു സൌജന്യമായി കൊടുത്തുവരുന്നുണ്ടു്. ഈ സൌജന്യം അവർക്കു ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനു് വായനശാലകളുടെ സഹായം അത്യാവശ്യമായിവരുന്നതാണ്. എന്തെങ്കിലും വാങ്ങിച്ചുകൊണ്ടിരുന്നില്ലെങ്കിൽ അതുവരെ

LIBRARY ARCHIVES Kerala Legislative Assembly

ഗവ മ്മെണ്ടിൽ നിന്നും വിദ്യാഭ്യാസത്തിനുവേണ്ടി ചിലവിട്ട സംഖ്യ കൊണ്ട പ്രയോജനമില്ലാതെ വരും.

അതുകൊണ്ട ഇങ്ങിനെയുള്ള സ്ഥാപനങ്ങൾ ഏറ്റെടുത്തുകയാണെങ്കിൽ തീച്ചയായും ഗവമ്മെൻറിൽനിന്നും വിദ്യാഭ്യാസ വകുപ്പിലേക്കു ചിലവിടുന്ന സംഖ്യകൊണ്ട് കൂടുതൽ പ്രയോജനമുണ്ടാകുന്നതാണ്. ഇന്ന് ഈ കൊച്ചീസംസ്ഥാനത്തിലെ വർത്തമാനപത്രങ്ങളായ ഗോമതി, കേരളൻ മുതലായ വിലകുറഞ്ഞ വർത്തമാനപത്രങ്ങൾ വായിച്ചാൽ വളരെ നല്ലതാണ്. അതിൽ വളരെ കായ്മമായ ഭാഗങ്ങളുണ്ട്. ഇന്ന് ഹിന്ദുവിലും മദ്രാസ് മെയിലിലും വരുന്ന സകല കായ്മങ്ങളും ഈ പത്രങ്ങളിലുമുണ്ട്. ഇങ്ങിനെയുള്ള കായ്മമായ സംഗതികൾ വായിച്ചാണ് വിദ്യാഭ്യാസം വർദ്ധിച്ചുവരേണ്ടത്. ആ സ്ഥിതിക്ക് നിവൃത്തിയുണ്ടെങ്കിൽ ഗവമ്മെൻറ് ഇങ്ങിനെയുള്ള പത്രങ്ങളെ പ്രോത്സാഹിപ്പിക്കുകയും, ഗ്രാമങ്ങൾതോറും വായനശാലകൾ സ്ഥാപിച്ച് വിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യേണ്ടതാണെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്സ്. പി. മീനാക്ഷിക്കുട്ടിയമ്മ:— ഈ പ്രമേയത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. ആദ്യം റൂറൽ റീ കൺസ്ട്രക്ഷൻ ബോർഡ്സിനെ (Rural Re-construction Boards) സംബന്ധിച്ചുള്ള ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചപ്പോൾ അതിനെ സംബന്ധിച്ച് സംസാരിയ്ക്കണമെന്ന് ഞാൻ ഉദ്ദേശിച്ചു. പക്ഷേ ഗവമ്മെൻറ് ഭാഗത്തുനിന്നും പറയുന്ന മറുപടിയിൽ റൂറൽ റീ കൺസ്ട്രക്ഷൻ ബോർഡുകളുടെ ഉദ്ദേശങ്ങളിൽ ഗ്രാമീണ വായനശാലകൾക്ക് പ്രത്യേകമായ സ്ഥാനമുണ്ടോ എന്നും ഉണ്ടെങ്കിൽ പിന്നെ അതിനെപ്പറ്റി സംസാരിച്ചിട്ട് ആവശ്യമില്ലല്ലോ എന്നും ആണ വിചാരിച്ചത്. എന്നാൽ ഗ്രാമീണ വായനശാലകളുടെ കായ്മത്തിൽ ഗവമ്മെൻറിൻറെ ശുദ്ധ അനുഭവത്തോളം ഗൗരവമായി പതിഞ്ഞിട്ടുണ്ടോ എന്നും എനിയ്ക്ക സംശയം തോന്നുന്നുണ്ട്. ഗവമ്മെൻറിൻറെ മറുപടിയിൽനിന്നും ഗ്രാമീണ വായനശാലകളെ സംബന്ധിച്ച് അനുദ്യോഗസ്ഥസാമാജികന്മാക്ക തോന്നുന്നതു പ്രാധാന്യം ഗവമ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ എന്നുള്ള സംശയംകൊണ്ടാണ് ഞാനും ഇതിനെപ്പറ്റിച്ചു സംസാരിയ്ക്കുവാൻ തീച്ചയാക്കിയത്.

അക്ഷരജ്ഞാനമില്ലായ്മയാണ് ഇന്ന് നമ്മുടെ നാട്ടിൻറെ അധഃപതനത്തിനും സങ്കുചിതമനസ്ഥിതിയ്ക്കും അടിമത്തബോധത്തിനും, വലിയ വലിയ വിപ്ലവങ്ങൾക്കും കാരണമായിട്ടുള്ളതെന്ന് ഞാൻ പറയാതെതന്നെ എല്ലാവർക്കുമറിയാം. വിദ്യാഭ്യാസം സാർവ്വത്രികവും നിർബ്ബന്ധിതവും, വിദ്യാഭ്യാസത്തിനു പണം ചിലവിടുവാൻ എല്ലാവർക്കും

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കാത്തതുകൊണ്ട് സൌജന്യവുള്ളടിയാക്കണമെന്നാണ് ഇപ്പോൾ ഉള്ള അഭിപ്രായങ്ങൾ. ഇങ്ങിനെയൊക്കെ നോക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എത്രത്തോളമുണ്ടെന്നു നമുക്കു മനസ്സിലാകും. നമ്മുടെ രാജ്യത്തിൽ പ്രായമായ ആളുകൾക്ക്—കൊച്ചുകുട്ടികളാണെങ്കിൽ സ്കൂളിലേയ്ക്ക് അയയ്ക്കാം.— മുഴുവൻ വിദ്യാഭ്യാസം സിദ്ധിക്കുവാനുള്ള സൌകര്യങ്ങളില്ല. ചിലർക്കു സ്കൂളിൽ പോയി പഠിക്കുന്നതിനുള്ള സൌകര്യം ഇല്ലാതെയിരിക്കുന്നു. അങ്ങിനെയുള്ളവർക്കുകൂടി അക്ഷരജ്ഞാനമുണ്ടാകണമെങ്കിൽ ഒന്നാമതായിട്ടു ചെയ്യേണ്ടതു് ഗ്രാമീണ വായനശാലകൾ സ്ഥാപിച്ചു് പ്രോത്സാഹനം കൊടുക്കയാണ്. ഇന്നു പലേ ഗവർമ്മെൻറുകളും ഇതുപോലെയുള്ള വായനശാലകൾ ഓരോ ദിക്കിലും സ്ഥാപിച്ചു നടത്തിവരുന്നുണ്ട്. അതുപോലെ ഇവിടേയും വിദ്യാഭ്യാസം കുറവായുള്ള ആളുകൾക്ക് വിദ്യാഭ്യാസമുണ്ടാക്കിക്കൊടുക്കുവാൻവേണ്ടി അഞ്ചും പത്തും ആളുകൾ ചേർന്നു ജോലിചെയ്യുന്ന ലൈബ്രറികൾ ഗ്രാമങ്ങൾതോറും സ്ഥാപിച്ചും, അടുത്തുള്ള പീടികകളിൽ നല്ലനല്ല പുസ്തകങ്ങൾ കൊണ്ടുപോയി കൊടുത്തു പുസ്തകവ്യാപനയുടെ ഗുണങ്ങളെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യേണ്ടതുണ്ട്. ആദ്യമായി പുസ്തകങ്ങൾ കൊണ്ടുചെന്നു കൊടുക്കുക; പിന്നീട് മടക്കി വാങ്ങി വേറെ പുസ്തകം കൊടുക്കുക ഇങ്ങിനെ സ്വല്പകാലം ചെയ്തുകൊണ്ടിരുന്നാൽ വായനയിൽ ഉത്സാഹം വർദ്ധിക്കയും അവർ തന്നെത്താനെ ലൈബ്രറികൾ അന്വേഷിച്ചു പുറപ്പെടുകയും ചെയ്യും. അങ്ങിനെ കുറെപേർക്കു വിദ്യാഭ്യാസമുണ്ടാക്കാൻ കഴിഞ്ഞാൽ പിന്നെയും അക്ഷരജ്ഞാനമില്ലാത്തവരെ അന്വേഷിക്കുകയും; അവർക്കും വിദ്യാഭ്യാസത്തിൽതാല്പര്യം ഉണ്ടാക്കുക, ഇങ്ങിനെ ഓരോ സ്ഥലങ്ങളിലും ചെയ്തുകൊണ്ടിരുന്നാൽ നമ്മുടെ നാട്ടിൽ ഉന്നത വിദ്യാഭ്യാസം വളരെ കൂടുതലായി ഉണ്ടായില്ലെങ്കിലും അക്ഷരജ്ഞാനപ്രചാരം വർദ്ധിക്കുന്നതാണ്. വിദ്യാഭ്യാസം നിർബ്ബന്ധിതവും സാർവ്വത്രികവുമാക്കണമെന്നു പറയുമ്പോൾതന്നെ വായനശാലകൾ സ്ഥാപിക്കണമെന്നുള്ളതിനെപ്പറ്റി കൂടുതലായിട്ടൊന്നു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല

അക്ഷരജ്ഞാനം ഗ്രാമീണർക്കുണ്ടാകുന്നതിനു് വളരെ അത്യാവശ്യമായിട്ടുള്ളതാണ്. നമ്മുടെ രാജ്യത്തിലുള്ള ഭിന്നഭിന്നമായിട്ടുള്ള സാമുദായികമായും രാഷ്ട്രീയമായും രാജ്യത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഗതികളെക്കുറിച്ചു് അറിവുണ്ടാകുന്നതിനും, അവർക്കു് സ്വാതന്ത്ര്യമനോഭിതിയുണ്ടാകുന്നതിനും ഇപ്രകാരമുള്ള വായനശാലകൾ സഹായിക്കുന്നതാണ്. സാമുദായികമായും രാഷ്ട്രീയമായുമുള്ള പുതിയ വായിക്കുന്നതു് ഇതിനു വളരെ ഉപകാരമായിരിക്കും. എന്നാൽ പല പത്രങ്ങളും പുസ്തകങ്ങളും സ്വന്തമായി വാങ്ങിക്കുവാൻ സാധാരണക്കാർക്കു് അസാദ്ധ്യമായതിനാൽ വായന

LIBRARY ARCHIVES Kerala Legislative Assembly

ശാലമാത്രമേ കരു ശരണമുള്ളു. ഈ കൌൺസിൽ തുടങ്ങിയതിനുശേഷം ഇതു വരെ കേട്ട പ്രസംഗങ്ങളിൽനിന്നും നാട്ടുകാരുടെയിടയിൽ അക്ഷരജ്ഞാനമില്ലായ്മകൊണ്ടും, മനസ്സിനു വേണ്ടത്ര പരിഷ്കാരം ഇല്ലായ്മകൊണ്ടും അവരുടെഅധികാരങ്ങൾ ശരിയായി ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നു നമുക്കു മനസ്സിലായിട്ടുണ്ട്. സാധുക്കൾക്കു യാതൊരു നിശ്ചയവുമില്ല. വോട്ടുചെയ്യുകാലത്തു് ആളുകളുടെ യോഗ്യത മനസ്സിലാകി വോട്ടു കൊടുക്കുവാൻപോലും അവക്കു കഴിയുന്നില്ല. ബാഹ്മണരെക്കൊണ്ടു കാണുമ്പോൾ വോട്ടുകൊടുത്തില്ലെങ്കിൽ ദോഷം വരുമോ എന്നുള്ള പേടിയും അവക്കുണ്ട്.

ഫ്രാഞ്ചൈസ് അധികാരം ഗ്രാമങ്ങളിൽ ശരിയായ വിധത്തിൽ പാലിക്കുന്നുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ശരിയായ പൌരബോധമുള്ള ആളുകൾ ഗ്രാമപ്രദേശങ്ങളിലില്ല. ആരാണ് പൌരന്മാരുടെ പ്രതിനിധിയായിരിയ്ക്കുവാൻ യോഗ്യതയുള്ള ആൾ എന്നു കണ്ടുപിടിച്ചു വോട്ടു കൊടുക്കുവാനുള്ള ശക്തി അവക്കുണ്ടായാൽ ഇലക്ഷൻകാലത്തു് ഇങ്ങിനെയുള്ള തിരക്കുകളൊന്നുംതന്നെ ഉണ്ടാകയില്ല. അതുകൊണ്ടു് പൌരബോധമുണ്ടാക്കുവാൻ സഹായിക്കുന്ന വിദ്യാഭ്യാസം അവക്കുണ്ടായിരിയ്ക്കണം.

മതസംബന്ധമായ വിദ്യാഭ്യാസം ഇപ്പോൾ നമ്മുടെ സ്കൂളുകളിലില്ല. സാമുദായികമായ വിഷയങ്ങളും കുറവാണു്. അങ്ങിനെയിരിക്കെ മനുഷ്യർക്കു യഥാർത്ഥജ്ഞാനം ഉണ്ടാക്കുന്നതിനു് ലൈബ്രറികൾ വളരെ ആവശ്യമുള്ളതാണു്. അതുകൊണ്ടു് ഗ്രാമപ്രദേശങ്ങളിലുള്ളവരെ പൌരന്മാരാക്കിത്തീർക്കുവാൻ ഗ്രാമങ്ങൾതോറും വായനശാലകൾ സ്ഥാപിയ്ക്കേണ്ടതാണെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ തല്ക്കാലം വിരമിക്കുന്നു.

Mr. I N. Menon:—Mr. President, Sir, it is a great pleasure to me personally and to the representatives of Government on this side to assure the House that very early steps will be taken to give effect to the scheme of adult education in which rural libraries will occupy a very large place. As the Hon'ble the Mover himself will acknowledge it will not be possible to start libraries in all the villages at once. There are as many as 232 villages in all in the State. Nor is it necessary, it seems to me, to have a scheme of immediate extension in that sense. What the Government would be able to do is to have a programme spreading out the extension of rural libraries over a period of certain number of years in certain villages. So that after the definite period covered by the plan practically every rural area will be able to have a library of its own. Hon'ble Members dwelt on the importance of the library movement in connection with adult education and it is quite unnecessary that I should tax further the patience of the House particularly in view of the

LIBRARY ARCHIVES Kerala Legislative Assembly

fact that there are some other important items left in the agenda. I therefore assure the Hon'ble Mover and other Hon'ble Members of the House that early steps will be taken to implement a proper scheme of library expansion in rural areas.

Mr. A. Narayana Menon:- On the assurance of the Director of Public Instruction I beg leave of the House to withdraw my resolution.

Resolution was, with leave, withdrawn.

9. Unemployment in the State.

Mr. E. Ikkanda Warriar:— *"This Council recommends to the Government to take earnest and immediate steps to inquire into the extent of unemployment in the State and adopt adequate measures to combat the evils and dangers arising from it."*

Sir, the question of unemployment is before everybody. It has assumed definite shape in recent years. Because of the fact that it is assuming a very alarming proportion in recent years, it has become a problem of the hour. Wherever we go we find unemployment both among the educated and the uneducated. From among the educated people we find people running for employment and from the uneducated we find people in an increasing number coming to our houses. We also find that among able bodied persons the number has largely increased. It will be admitted that unemployment is increasing every day. Then the question is as to what we should do in the matter. I would admit that there is no courageous taking of the subject by the Government. Everybody admits that there is unemployment but nobody seriously thinks over it and nobody has tested as to what they should do in the matter. Now the time has come when we should courageously face the problem and find out some solution. All important national Governments in the world are trying to solve the problem in their own way. We may not be able to do that. But I submit that we can do these things in our own humble way. The solution will certainly be bound up with the advancement and prosperity of the ryots. We have to increase the cultivable area, by introducing scientific method of cultivation, providing more marketing facilities, encouraging cottage industries and organising other small scale industries and if possible large scale industries so we will be able to combat this evil. I find from the report of the economic survey of the three villages published that on an average 30 per cent are partially employed and between 10 to 15 per cent unemployed. The author of the report has also suggestions for the improvement of those particular villages. He has selected only villages here and there and the suggestions made by him will, if

LIBRARY ARCHIVES Kerala Legislative Assembly